**നിലവിലുള്ള കോവിഡ് -19 പാൻഡെമിക് സാഹചര്യം കണക്കിലെടുത്ത്, രാജ്യസഭാ ഉപതെരഞ്ഞെടുപ്പ് നടത്തിപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

---

**1. പൊതുവായ മുൻകരുതലുകൾ**

1.1. ശാരീരിക അകലം പാലിക്കൽ, മാനദണ്ഡങ്ങൾ പാലിക്കൽ, എൻട്രി പോയിന്റുകളിൽ തെർമൽ സ്കാനർ സ്ക്രീനിംഗ് ക്രമീകരികരണം, വോട്ടിംഗിന് വരുന്ന എല്ലാ സ്റ്റാഫുകളും അംഗങ്ങളും മാസ്ക് ഉപയോഗിക്കൽ, ലിക്വിഡ് സോപ്പുകൾ/ ഹാൻഡ് സാനിറ്റൈസർ സ്റ്റാൻഡുകൾ എന്നിവ ഉപയോഗിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ എന്നിവ എല്ലാവരും സ്വീകരിക്കേണ്ടതാണ്.

1.2. പരിശീലനം ലഭിച്ച ഒരാൾ തെർമൽ സ്കാനർ ഉപയോഗിച്ച് വ്യക്തിയുടെ നെറ്റിയിൽ നിന്ന് 3 മുതൽ 15 സെന്റിമീറ്റർ അകലെ പിടിച്ച് സ്ക്രീനിംഗ് ക്രമീകരിക്കേണ്ടതാണ്. പനി (37.5°c≥/99.5°≥F) അല്ലെങ്കിൽ ജലദോഷം, ചുമ, തൊണ്ട വേദന, ശ്വസിക്കാൻ ബുദ്ധിമുട്ട് എന്നിവയുടെ ലക്ഷണങ്ങൾ ഉള്ളവരെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കാൻ അനുവദിക്കാതെ വൈദ്യോപദേശം തേടാനോ, കോവിഡ്-19 ഹെൽപ് ലൈൻ നമ്പർ 1056/0471-2552056 ഡയൽ ചെയ്യാനോ അയയ്ക്കേണ്ടതാണ്.

1.3. പനി (37.5°c≥/99.5°≥F) അല്ലെങ്കിൽ ജലദോഷം, ചുമ, തൊണ്ട വേദന, ശ്വസിക്കാൻ ബുദ്ധിമുട്ട് എന്നിവയുടെ ലക്ഷണങ്ങളുള്ള ഏതെങ്കിലും വോട്ടർമാരെ ഒറ്റപ്പെടുത്തുകയും വോട്ടിംഗിനായി പ്രത്യേകം ഇരിപ്പിടം സജ്ജീകരിക്കേണ്ടതുമാണ്.

1.4. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കുന്ന മറ്റ് എല്ലാ വ്യക്തികളേയും പരിശീലനം ലഭിച്ച ഒരു വ്യക്തി പ്രത്യേകമായി തെർമൽ സ്കാനർ ഉപയോഗിച്ച് പരിശോധിക്കേണ്ടതാണ്. (വ്യക്തിയുടെ നെറ്റിയിൽ നിന്നും 3-15cm അകലെ പിടിക്കുക) പനി (37.5°c≥/99.5°≥F), ജലദോഷം, തൊണ്ടവേദന, ശ്വസിക്കാൻ ബുദ്ധിമുട്ട് എന്നിവയുടെ ലക്ഷണങ്ങൾ കണ്ടെത്തിയ ഏതൊരു വ്യക്തിയേയും ഒറ്റപ്പെടുത്തുകയും

വൈദ്യോപദേശം തേടാൻ ഉടൻ അയയ്ക്കുകയും ചെയ്യേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കാൻ മറ്റൊരു വ്യക്തിയെ ഏജന്റായി നിയമിക്കാൻ **പൊളിറ്റിക്കൽ പാർട്ടിയെ/സ്ഥാനാർത്ഥിയെ ഉപദേശിക്കാവുന്നതാണ്.**

1.5. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും എല്ലാ വ്യക്തികളും തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഉടനീളം എല്ലായ്പ്പോഴും സുരക്ഷിതമായ മുഖംമൂടി ധരിക്കണം.

1.6. കുറഞ്ഞത് 2 മീറ്ററെങ്കിലും (6 അടി ദൂരം) ശാരീരിക, സാമൂഹ്യ അകലം ഉറപ്പാക്കാനും പരിപാലിക്കാനും എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ശാരീരികസാമൂഹിക അകലം പാലിക്കുന്ന തരത്തിൽ ഇരിപ്പിടക്രമീകരണം നടത്തേണ്ടതാണ്.

1.7. ആട്ടോമാറ്റിക് ഡിസ്പെൻസിംഗ് കാൽപ്പാദം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ഹാന്റ് സാനിറ്റൈസർ പ്രവേശന കവാടത്തിലും, വോട്ടിംഗ് കൗണ്ടറുകളുടെ സമീപത്തും ഉചിതമായ വിവിധ സ്ഥലങ്ങളിലും സ്ഥാപിക്കേണ്ടതാണ്.

1.8. തെരഞ്ഞെടുപ്പ് സാമഗ്രഹികൾ കൈകാര്യം ചെയ്യുന്ന സ്റ്റാഫ് ഉചിതമായ പി.പി.ഇ. കിറ്റുകൾ, സർജിക്കൽ ഹെയ്സ് മാസ്ക്, ഹാൻഡ് ഗ്ലൗസുകൾ എന്നിവ ധരിക്കുകയും ഹാൻഡ് സാനിറ്റൈസർ ഇടയ്ക്കിടെ ഉപയോഗിക്കേണ്ടതുമാണ്.

1.9. കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി ടോയ്ലറ്റുകളും വാഷ്റൂമുകളും അണുവിമുക്തമാക്കേണ്ടതാണ്. എല്ലാ വാഷ്റൂമുകളിലും/ റെസ്റ്റ്റൂമുകളിലും ടോയ്ലറ്റുകളിലും ലിക്വിഡ് സോപ്പ് ഡിസ്പെൻസർ ലഭ്യമാക്കേണ്ടതാണ്.

1.10. വോട്ടർമാർക്ക് ആവശ്യമെങ്കിൽ നൽകുന്നതിനായി പി.പി.ഇ. കിറ്റുകൾ തയ്യാറാക്കിരിക്കേണ്ടതാണ്.

1.11. ശരീരതാപനില പരിധിയ്ക്ക് മുകളിലുള്ള സ്ഥിരീകരിച്ച പോസിറ്റീവ്/സംശയിക്കപ്പെടുന്ന/ക്വാറൻന്റൈൻ കോവിഡ്-19 കേസുകൾ ഉള്ളവരെ നിലനിർത്തുന്നതിന് ഒരു വിശ്രമസ്ഥലം ക്രമീകരിക്കേണ്ടതാണ്.

1.12. നാമനിർദ്ദേശം സമർപ്പിക്കുന്ന ദിനത്തിലും സൂക്ഷ്മപരിശോധന ദിവസത്തിലും റിട്ടേണിംഗ് ഓഫീസറുടെ മുറിയിലേയ്ക്ക് പ്രവേശിക്കാൻ അർഹതയുള്ളവരുടെ താപനില പരിശോധിക്കുന്നതിനായി നിയമസഭാ സമുച്ചയത്തിന്റെ പ്രവേശന കവാടത്തിനടുത്തായി ഒരു പ്രത്യേക മുറി സജ്ജീകരിക്കേണ്ടതാണ്.

1.13. നോമിനേഷൻ പേപ്പറുകൾ സമർപ്പിക്കുന്ന ദിവസം/ സൂക്ഷ്മപരിശോധന ദിവസം/ നാമനിർദ്ദേശം പിൻവലിക്കുന്ന ദിവസം/ പോളിംഗ് ദിവസം എന്നിവ ദ്രുത ആന്റിജൻ പരിശോധന നടത്താനുള്ള സൗകര്യത്തോടെ മൊബൈൽ മെഡിക്കൽ യൂണിറ്റ് ക്രമീകരിക്കേണ്ടതാണ്.

## 2. പ്രത്യേക മുൻകരുതലുകൾ

2.1 പോളിംഗ് ഏരിയയിലേയ്ക്ക് കൊണ്ടുവരുന്നതിന് മുമ്പ് ബാലറ്റ് ബോക്സ് ഉചിതമായ ക്ലീനിംഗ്, അണുനാശിനി ഏജന്റ് ഉപയോഗിച്ച് അണുവിമുക്തമാക്കണം

2.2 തെരഞ്ഞെടുപ്പ് നടക്കുന്ന/ നടത്തുന്ന മുറി/ പ്രദേശം തെരഞ്ഞെടുപ്പ് പ്രക്രിയ

ആരംഭിക്കുന്നതിന് മുമ്പും തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായതിനുശേഷവും വൃത്തിയായി അണുവിമുക്തമാക്കേണ്ടതാണ്

2.3 നാമനിർദ്ദേശം/ സൂക്ഷ്മപരിശോധന പ്രക്രിയകൾ നടത്തുന്ന റിട്ടേണിംഗ് ഓഫീസറുടെ ചേമ്പർ ശരിയായി അണുവിമുക്തമാക്കേണ്ടതാണ്. കൂടാതെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനോ സൂക്ഷ്മപരിശോധനയ്ക്കോ അവിടെയെത്തുന്ന വ്യക്തികൾ/ സ്ഥാനാർത്ഥികൾ എന്നിവരെ നിർബന്ധമായും ഫെയ്സ് മാസ്കുകൾ ധരിക്കാൻ ആവശ്യപ്പെടുകയും അവരുടെ കൈകൾ ശുചീകരിക്കുകയും ചെയ്യേണ്ടതാണ്. അതിനുശേഷം ആർ.ഒ. ചേമ്പറിൽ പ്രവേശിക്കുന്നതിനു മുമ്പ് താപ പരിശോധന നടത്തുകയും ശരിയായ മുൻകരുതൽ നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്.

******************************************